ADJOURNMENT MOTIONS.

MR. PRESIDENT : ഇന്നു് രണ്ടു അടിയന്തിരപ്രമേയങ്ങൾക്കു് നോട്ടീസ്സു് കിട്ടീട്ടുണ്ടു്. മി. കണ്ണാറെ ഗോപാലപ്പണിക്കരുടേതാണു് അവ. അതു് "തിരുവിതാംകൂറിൽ പ്രീ യൂണിവേർസിറ്റി ക്ലാസ്സു് നിറുത്തൽ ചെയ്യണമെന്നും ജൂണിയർ ഇൻറർമീഡിയറു് ക്ലാസ്സു് തുടർന്നു നടത്തണമെന്നുമുള്ള പൊതുജനാഭിപ്രായത്തെ അവഗണിച്ചു് യൂണിവേർസിറ്റി കാരേജിൽ ഇക്കൊല്ലം ജൂണിയർ ഇൻറർമീഡിയറു് ക്ലാസ്സു് ഉണ്ടായിരിക്കുന്നതല്ലെന്നും പകരം പ്രീ യൂണിവേർസിററി ക്ലാസ്സു് നടത്തുന്നതാണെന്നും അധികൃതർ പരസ്യപ്പെടുത്തുകയും അപേക്ഷകരെ ക്ഷണിക്കുകയും ചെയ്തിരിക്കുന്നതായി കാണുന്നതിൽ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായിട്ടുള്ള പരിഭ്രമത്തേയും നിരാശയേയും ഒവ്വെഷമ്യത്തേയുംകുറിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനായി സഭാനടപടികൾ നിറുത്തിവയ്ക്കുണമെന്നു് ഞാൻ ഒരു പ്രമേയം അവതരിപ്പിക്കുന്നു." ഇതു് പ്രമേയത്തിന്റെ ഫോമിൽ അല്ലാ അയച്ചിരിക്കുന്നതു് എന്നു പറയാതെ നിവൃത്തിയില്ല. പക്ഷെ അതിൽ വിവരിച്ചിരിക്കുന്ന സംഗതി വളരെ പ്രാധാന്യമുള്ളതുകൊണ്ടും പൊതുവേ അടുത്തകാലത്തു് സംഭവിച്ചിട്ടുള്ളതായതുകൊണ്ടും അതിനെപ്പററി ചർച്ച ചെയ്യേണ്ടതാണെങ്കിലും ഈ പ്രമേയത്തിനു് നോട്ടീസ്സു് ഇല്ലെന്നാണു് മന്ത്രിസ്ഥാനത്തു നിന്നും പറയുന്നതു്.

MR. KANNARA GOPALA PANICKER : നോട്ടീസ് കൊടുത്തിട്ടുണ്ടു്.

HONOURABLE MR. T. M. VARGHESE : അതു് നോട്ടീസാണെന്നു ഞാൻ വിചാരിച്ചില്ല. ഇന്നലത്തേക്കു് വാദപ്രതിവാദത്തിനു് അയച്ചിട്ടുള്ള ഒരു അടിയന്തിരപ്രമേയത്തിന്റെ പ്രതി അടങ്ങിയ ഒരു കത്തു് എനിക്കു് തന്നിട്ടുണ്ടു്. അതു് ഒരു നോട്ടീസ്സല്ലെന്നാണു് ഞാൻ വിചാരിച്ചിരുന്നതു് പ്രമേയം അയച്ചു കഴിഞ്ഞതിനുശേഷം അതിനടുത്ത ദിവസമോ മറേറാ നോട്ടീസ്സു് കൊടുത്താൽ അതു് നോട്ടീസ്സാകയില്ലെന്നാണു് ഗവണ്മെൻറിന്റെ അഭിപ്രായം.

MR. PRESIDENT : മന്ത്രിക്കു് നോട്ടീസു് അയച്ചിട്ടില്ലെന്ന കാരണത്താൽ ഈ പ്രമേയം തള്ളിയിരിക്കുന്നു. അടുത്ത പ്രമേയവും മി. കണ്ണാറെ ഗോപാലപ്പണിക്കരുടേതാണു്.

"I move that the business of the Assembly be adjourned to discuss a matter of urgent Public importance *viz.*, the inability of the members of the Legislature to discharge their functions efficiently and properly due to the inaudibility of the Assembly Chamber".

MR. R. V. THOMAS : അടിയന്തിരപ്രമേയങ്ങളെല്ലാം ഇന്നലെ അയച്ചിരിക്കേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. ELANKATH : ഇതു സംബന്ധിച്ചു് മി. ഹമീബുള്ളയുടെ കാലത്തെ റൂളിംഗ് ഞാൻ അനുസ്മരിപ്പിക്കുന്നു. ഇന്നലെയും ഇന്നും ഇടയ്ക്കു ഉണ്ടായിട്ടുള്ള ഒരു അടിയന്തിരസംഗതിയെക്കുറിച്ചു മാത്രമേ ഇന്നു അടിയന്തിരപ്രമേയം അവതരിപ്പിക്കാൻ പാടുള്ളു എന്നാണു് ആ റൂളിംഗ് എന്നു തോന്നുന്നു.

MR. PRESIDENT : ഇതിനെ സംബന്ധിച്ചു് മിനിസ്റ്റർ-ഇൻ-ചാർജ് ആഫ് ലായുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

HONOURABLE MR. A. THANU PILLAI : It should be a matter of urgent public importance and that should be moved at the earliest possible stage. It is not only law but it is commonsense. Therefore I am strongly of the view that motions of this kind should be given notice of in time to be brought before the House at the first sitting.

MR. K. A. MATHEW : മിനിസ്റ്റർ-ഇൻ-ചാർജ് ആഫ് ലാ ഈ ഹൌസിന്റെ ലീഗൽ അഡ്വൈസർ ആണോ?

MR. PRESIDENT : അതു ആവശ്യം എന്നു തോന്നിയാൽ എനിക്കു് അദ്ദേഹത്തിന്റെ അഭിപ്രായം ആവശ്യപ്പെടാം. മറ്റാരുടെ നിലയിലും അല്ല ഞാൻ ചോദിച്ചതു്.

MR. K. A. MOHAMMED : അടിയന്തിരപ്രമേയത്തിൽ അടങ്ങിയിരിക്കുന്ന അസൌകര്യം ഇന്നലെ മുതൽ തുടങ്ങിയതായിട്ടല്ല കണക്കാക്കേണ്ടതു്. അതായതു് ഈ അസൌകര്യം ഇന്നലെ മുതൽ മാത്രം ഉണ്ടായതായിട്ടല്ല കരുതേണ്ടതു്.

MR. P. NANOO (*Chirayinkil II—General*) : ഇവിടെ ഒന്നും കേൾക്കാൻ നിവൃത്തിയില്ലെന്നുള്ള വിവരം അറിയാമോ?

MR. PRESIDENT : മി. നാണു പറഞ്ഞ സംഗതി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. മുമ്പു് വല അംഗങ്ങൾക്കും മാത്രമേ ഈ ഹൌസിൽ ഉണ്ടായിരുന്നുള്ളു. അന്നു് അംഗങ്ങൾക്കും പറയുന്നതെല്ലാം കുറെയൊക്കെ കേൾക്കാമായിരുന്നു. ഇന്നാണെങ്കിൽ ഫല മെമ്പറന്മാരുണ്ടു്. അതുകൊണ്ടു് മുൻവശത്തിരിക്കുന്നവർക്കു മാത്രമേ വല്ലതും കേൾക്കാൻ സാധിക്കയുള്ളു. അതുകൊണ്ടു മി. നാണു പറഞ്ഞതു് ശരിയാണു്. അതുകാരണത്താൽ ഈ അടിയന്തിരപ്രമേയം തള്ളാൻ പാടില്ല. ഏതുതല്ലാം സാങ്കേതികതടസ്സങ്ങൾ ഉണ്ടായാലും ഇതു വാദപ്രതിവാദത്തിനു് എടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഇതിനു ഏതെങ്കിലും ഒരു വ്യവസ്ഥ വരുത്തേണ്ടതു് ഗവണ്മെൻറിന്റെ ചുമതലയാണു്. അതുകാരണംകൊണ്ടു് ഈ അടിയന്തിരപ്രമേയം ഓർഡറിൽ ആണു്. ഇതു് ശനിയാഴ്ച ഉച്ചകഴിഞ്ഞു് നാലുമണിക്കു വാദപ്രതിവാദത്തിനായി പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

HONOURABLE MR. A. THANU PILLAI : I oppose it.

MR. ABDUL AZIZ : ഇതേ മെമ്പർ തന്നെ ഇന്നലെ പല അടിയന്തിര പ്രമേയങ്ങളും നയച്ചതു് വാദപ്രതിവാദങ്ങൾക്കിന്ന് അനുവദിച്ചു. അതിന്റെ കാര്യകാരണം അച്ചടിച്ചു് വിതരണം ചെയ്തു് ഈ സഭയിൽ വാദപ്രതിവാദത്തിന് തയ്യാർചെയ്ത അവസരത്തിൽ അവതരിപ്പിക്കുന്നില്ലെന്നു് പറഞ്ഞു പിൻവലിച്ച അതേ മെമ്പർ തന്നെയാണു് ഈ പ്രമേയവും അവതരിപ്പിച്ചിരിക്കുന്നതു്. അവതരിപ്പിച്ചശേഷം ഇതും പിൻവലിക്കാൻ അദ്ദേഹം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ വിവരം നേരത്തേ പറയുന്നതു് പ്രയോജനകരമായിരിക്കും.

MR. PRESIDENT : അങ്ങനെ ചോദിക്കുന്നതിനു് അദ്ധ്യക്ഷന് അധികാരമില്ല. ഈ പ്രമേയം ആലോചനയ്ക്കു് എടുത്തശേഷം പ്രമേയം പിൻവലിക്കുന്നുവെന്നു് പറഞ്ഞതു് വളരെ നിർഭാഗ്യകരമായിപ്പോയി എന്നു പറയാതിരിക്കാൻ എനിക്കു നിവൃത്തിയില്ല. ഈ പ്രമേയം വാദപ്രതിവാദത്തിനു വരുമ്പോൾ പിൻവലിക്കുമോയെന്നു് ചോദിക്കുന്നതിന് അദ്ധ്യക്ഷന് അധികാരമോ അവകാശമോ ഇല്ല. അതു് എടുക്കുന്ന അവസരത്തിൽ അതിനെക്കുറിച്ചു് അദ്ധ്യക്ഷൻ ഒരു പ്രസ്താവന ചെയ്യുന്നതാണു്.

ഈ പ്രമേയത്തെ അനുകൂലിക്കുന്നവർ എഴുന്നേല്ക്കണം.

ഫൻ പേർ മാത്രമേ ഇതിനെ അനുകൂലിക്കുന്നുള്ളൂ എന്ന കാരണത്താൽ ഇതു തള്ളിയിരിക്കുന്നു.

ANNOUNCEMENT RE: ELECTION TO THE UNIVERSITY SENATE.

അടുത്തതു് യൂണിവേഴ്സിറ്റി സെനറ്റിലേക്കു് മൂന്നു മെമ്പറന്മാരെ തെരഞ്ഞെടുക്കുകയെന്നുള്ളതാണു്. അതു സംബന്ധിച്ചു് ഒരു പ്രസ്താവന ചെയ്യുവാൻ ഞാൻ ഉദ്ദേശിക്കുന്നു. തിരുവിതാംകൂർ യൂണിവേഴ്സിറ്റി ആക്ടും ഫർ ാംസെക്ഷൻ അനുസരിച്ചു് യൂണിവേഴ്സിറ്റി സെനറ്റിലേക്കു ശ്രീമൂലം അസംബ്ലിയിൽനിന്നു് മൂന്നും ശ്രീചിത്രാ സ്റ്റേറ്റുകൌൺസിലിൽനിന്നു് രണ്ടും മെമ്പറന്മാരെ അയയ്ക്കുണമെന്ന വ്യവസ്ഥയുണ്ടു്. ഈ വ്യവസ്ഥയനുസരിച്ചു് ശ്രീമൂലം അസംബ്ലിയുടെ സ്ഥാനത്തു് വന്നിട്ടുള്ള തിരുവിതാംകൂർ ലജിസ്ലേറ്റീവു് അസംബ്ലിയിൽനിന്നു് മൂന്നു മെമ്പറന്മാരെ സെനറ്റിലേക്കു് തെരഞ്ഞെടുക്കണമെന്നു് വിവരിച്ചു് യൂണിവേഴ്സിറ്റി രജിസ്ട്രാർ എന്റെ പേർക്കു് ഫർവേ മേ ാംനു- ഒരു കത്തു് അയച്ചിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു് ലീഗൽ റിമെംബ്രൻസറുടെ അഭിപ്രായം ആരായുകയും അങ്ങനെ തെരഞ്ഞെടുക്കുന്നതിനു് വേണ്ട നടപടി നടത്തണമെന്നു് അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തു. അതിനുശേഷം ഏതു വിധത്തിലാണു്

LIBRARY ARCHIVES Kerala Legislative Assembly